# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1087.

11..7.2011-ൽ മറുപടിക്ക്

## "മിൽമ പുറത്തു നിന്നു വാങ്ങുന്ന പാലിന്റെ ഗുണനിലവാരം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ്. | ശ്രീ. കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) 'മിൽമ - മദർ' ഡയറി സംയുക്ത സംരംഭമായി കമ്പനി ആരംഭിച്ചപ്പോൾ ഉണ്ടായിട്ടുള്ള നഷ്ടം എത്രയാണ്; | (എ) 26.03 ലക്ഷം രൂപയാണ്. |
| (ബി) പ്രസ്തുത നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത നഷ്ടം ഈടാക്കുവാൻ കഴിയുകയില്ല എന്ന് കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ അറിയിച്ചിട്ടുണ്ട്. |
| (സി) 'മിൽമ' പുറത്തു നിന്ന് പാൽ വാങ്ങുന്നത് അന്യ സംസ്ഥാനത്തുള്ള സഹകരണസംഘങ്ങളിൽ നിന്നാണോ സ്വകാര്യ സംരംഭകരിൽ നിന്നുമാണോയെന്നുള്ള വിവരം വ്യക്തമാക്കുമോ; ഇപ്രകാരം പാൽ വാങ്ങുന്നതിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) അന്യസംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ യൂണിയനുകളിൽ നിന്നുമാണ് മിൽമ പാൽ വാങ്ങുന്നത്. ചില വർഷങ്ങളിൽ അന്യ സംസ്ഥാനത്ത് നിന്ന് അധിക വിലയ്ക്ക് പാൽ വാങ്ങി സംസ്ഥാനത്ത് വിപണനം നടത്തിയപ്പോൾ നഷ്ടം വന്നിട്ടുണ്ട്. |
| (ഡി) ഇങ്ങനെ വാങ്ങുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ഡി) ഇങ്ങനെ വാങ്ങുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പ് എം.എം.പി.ആർ. പ്രകാരം ഡയറികളിൽ പരിശോധന നടത്തുകയും, പാൽ സാമ്പിളുകൾ ശേഖരിച്ച് എല്ലാ ജില്ലകളിലെയും ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധിക്കുകയും, സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ആലത്തൂർ എം.എം.പി.ഒ. ലാബിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മിൽമ അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണ നിലവാര നിയന്ത്രണശേഷമാണ്. |

മിൽമയുടെ ഡയറികളിൽ പൂർണ്ണശേഷിയുള്ള ആധുനിക ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനു പുറമേ മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടക്കിടെക്ക് ഗുണനിലവാരം ഉറപ്പിക്കാറുണ്ട്. മിൽമയിൽ ഇന്ന് നിലവിലുള്ള ഈ സംവിധാനങ്ങൾ കാര്യക്ഷമവും, ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുന്നതുമാണ്. കൂടാതെ, ഫുഡ് സേഫ്റ്റി കമ്മിഷണറുടെ നേതൃത്വത്തിലും പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളുണ്ട്.

സെക്ഷൻ ഓഫീസർ.